"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്-ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ് കാലോചിതമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്**

സ.ഉ.(കൈ) നം.11/2024/SCSTD  തീയതി,തിരുവനന്തപുരം, 01-06-2024

---

പരാമർശം:-
1. സ. ഉ (കൈ) നം. 81/2002/പജപവവിവ തീയതി 31/12/2002
2. സ. ഉ (കൈ) നം. 10/2005/പജപവവിവ തീയതി 15/03/2005
3. സ. ഉ (കൈ) നം. 32/2009/പജപവവിവ തീയതി 17/04/2009
4. സ. ഉ (കൈ) നം. 52/2012/പജപവവിവ തീയതി 30/03/2012
5. സ. ഉ (സാധാ) നം. 1160/2018/പജപവവിവ തീയതി 12/11/2018
   പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 9/6/2023 ലെ
6. SCDD/6093/2022-B3 (EDN B), 23.12.2023 ലെ SCDD/820/2022-D1 (EDN D) നമ്പർ കത്തുകൾ

**ഉത്തരവ്**

പഠന-പാഠ്യേതര പ്രവർത്തനങ്ങളിൽ തൽപ്പരരായവരും എന്നാൽ കുടുംബപരമായും സാമ്പത്തികമായും പിന്നാക്കാവസ്ഥ കാരണം മികവ് പ്രകടിപ്പിക്കുവാൻ കഴിയാത്തവരുമായ സമർഥരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ് പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. പരാമർശം (1) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം ആരംഭിച്ച ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പിന്റെ നിബന്ധനകളും വ്യവസ്ഥകളും 2024-25വർഷം മുതൽ ചുവടെ ചേർക്കും പ്രകാരം കാലോചിതമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശ ഉത്തരവുകൾ 2024-25 വർഷം മുതൽ നിലനിൽക്കുന്നതല്ല.

**A. ഘടകങ്ങൾ**

ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ് രണ്ടു കാറ്റഗറികളായി തരം തിരിച്ചിരിക്കുന്നു.

1. യു. പി വിഭാഗം (ക്ലാസ്- 5 മുതൽ 7 വരെ)

2. ഹൈസ്കൂൾ വിഭാഗം (ക്ലാസ്- 8 മുതൽ 10 വരെ)

**B. <u>നിബന്ധനകൾ</u>**

(1) അപേക്ഷകർ പട്ടികജാതി/പട്ടികവർഗത്തിൽപ്പെട്ട 5,8 ക്ലാസുകളിലെ വിദ്യാർഥികളായിരിക്കണം

(2) കുടുംബ വാർഷിക വരുമാനം 1ലക്ഷം രൂപയിൽ കവിയാൻ പാടില്ല

(3) അപേക്ഷകർ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 4, 7 ക്ലാസുകളിൽ എല്ലാ വിഷയങ്ങൾക്കും എ ഗ്രേഡ് ലഭിച്ചവരും, യു.പി, എച്ച്.എസ് വിഭാഗം ക്ലാസുകളിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ ചേർന്ന് പഠനം തുടരുന്നവരുമായിരിക്കണം.

(4) സ്കീം കാലയളവിൽ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ തന്നെ പഠനം തുടരേണ്ടതാണ്.

(5) പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽപ്പെട്ട/ പട്ടികവർഗ വിഭാഗത്തിലെ പി.വി.റ്റി.ജി വിദ്യാർഥികളിൽ ബി ഗ്രേഡ് വരെയുള്ളവർക്കും അപേക്ഷിക്കാം

(6) സ്കോളർഷിപ്പ് ലഭിക്കുന്ന വിദ്യാർഥികളുടെ തെരഞ്ഞെടുക്കപ്പെടുന്ന സമയത്തെ പഠന നിലവാരം തുടർന്നു വരുന്ന വാർഷിക പരീക്ഷകളിൽ കുറയുകയാണെങ്കിൽ സ്കീമിൽ നിന്നും ഒഴിവാക്കുന്നതാണ്

(7) ഇപ്രകാരം പഠന പുരോഗതി നേടാതിരുന്നതിന് മതിയായ കാരണമുണ്ട് എന്ന് സ്കൂൾ മേധാവി കാര്യകാരണ സഹിതം ശുപാർശ ചെയ്യുകയും ആയത് ശരിയാണെന്ന് പട്ടികജാതി/പട്ടികവർഗ വികസന ഓഫീസർക്ക് ബോദ്ധ്യപ്പെടുകയും ചെയ്യുന്ന പക്ഷം ഒരു വർഷത്തേക്ക് മാത്രം അർഹത ഉണ്ടായിരിക്കുന്നതാണ്. സ്കോളർഷിപ്പിൽ നിന്നും പുറത്താക്കുന്ന വിദ്യാർഥികൾക്ക് കാരണ സഹിതം രേഖാമൂലം അറിയിപ്പു നൽകേണ്ടതാണ്.

(8) അപേക്ഷകരായ 5, 8 ക്ലാസുകളിലെ വിദ്യാർഥികൾ യഥാക്രമം കാറ്റഗറി-1 -യു. പി വിഭാഗത്തിലേക്കും, കാറ്റഗറി-2 -ഹൈസ്കൂൾ വിഭാഗത്തിലേക്കും ടാലന്റ് സെർച്ച് പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

(9) മാനദണ്ഡ പ്രകാരം യോഗ്യതയുള്ള 5, 8 ക്ലാസുകളിലെ വിദ്യാർഥികൾ ജൂൺ മാസത്തിൽ അപേക്ഷ സ്കൂൾ മേധാവി മുഖേന സമർപ്പിക്കേണ്ടതാണ്.

(10) ലഭിച്ചിട്ടുള്ള അപേക്ഷകൾ പരിശോധിച്ച് ജൂലൈ മാസം ടാലന്റ് സെർച്ച് പരീക്ഷകൾ ഒരുമിച്ച് നടത്തുന്നതാണ്.

(11) ടാലന്റ് സെർച്ച് പരീക്ഷക്കുള്ള പരീക്ഷ കേന്ദ്രങ്ങൾ ഓരോ ജില്ലകളിലെയും നിശ്ചിത കേന്ദ്രങ്ങൾ /എം. ആർ.എസുകൾ ആയിരിക്കും.

(12) മുൻഗണന മാനദണ്ഡങ്ങൾ പ്രകാരം ലഭിക്കുന്ന പോയിന്റും, ടാലന്റ് സെർച്ച് പരീക്ഷക്ക് ലഭിക്കുന്ന മാർക്കും ചേർത്ത് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ ജില്ല തിരിച്ച് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളുടെ ലിസ്റ്റ് ആഗസ്റ്റ് മാസത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**C. <u>മുൻഗണന മാനദണ്ഡങ്ങൾ</u>**

ചുവടെ പറയുന്ന മുൻഗണന മാനദണ്ഡങ്ങൾ പ്രകാരവും, ടാലന്റ് സെർച്ച് പരീക്ഷക്ക് ലഭിച്ച മാർക്കിന്റെയും അടിസ്ഥാനത്തിലാണ് മുൻഗണനാ ക്രമത്തിൽ

ജില്ല തിരിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

1) കുറഞ്ഞ വരുമാനക്കാർ

2) സ്കൂൾ തലത്തിലുള്ള / സ്കൂളിന്റെ അംഗീകാരമുള്ള കലാ കായിക മത്സരങ്ങൾ, ശാസ്ത്രമേള, ഗണിതമേള, പ്രശ്നോത്തരി തുടങ്ങിയവയിൽ വിവിധ ഗ്രേഡുകൾ നേടുന്നവർ. (വ്യക്തിഗത / ഗ്രൂപ്പ് മത്സരങ്ങൾ പരിഗണിക്കും)

3) മാതാപിതാക്കളിൽ ആരെങ്കിലും മരണപ്പെട്ടു പോയ വിദ്യാർഥികൾ

4) പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിലെ അംഗമായ അപേക്ഷക

5) ഭിന്നശേഷിക്കാരായ വിദ്യാർഥികൾ

6) ഭിന്നശേഷിക്കാരുടെ മക്കളായ വിദ്യാർഥികൾ

7) മൂന്നോ അതിലധികമോ വിദ്യാർഥികൾ ഉള്ള കുടുംബത്തിൽ നിന്നുള്ള അപേക്ഷകർ

| ക്രമ നം. | ഇനം | മാർക്ക് |
|---|---|---|
| 1 | വരുമാനം | (1,00,000 - യഥാർഥ വരുമാനം)/10000 [പരമാവധി 10] |
| 2 | കലാ-കായിക, ശാസ്ത്ര ഗണിത മത്സരങ്ങൾ | പരമാവധി 10 |
| | സംസ്ഥാന തലം- A ഗ്രേഡ് | 10 |
| | സംസ്ഥാന തലം- B ഗ്രേഡ് | 8 |
| | സംസ്ഥാന തലം- C ഗ്രേഡ് | 5 |
| | റവന്യൂ ജില്ലാ തലം- A ഗ്രേഡ് | 8 |
| | റവന്യൂ ജില്ലാ തലം- B ഗ്രേഡ് | 5 |
| | റവന്യൂ ജില്ലാ തലം- C ഗ്രേഡ് | 3 |
| | വിദ്യാഭ്യാസ ജില്ലാ തലം- A ഗ്രേഡ് | 5 |
| | വിദ്യാഭ്യാസ ജില്ലാ തലം- B ഗ്രേഡ് | 3 |
| | വിദ്യാഭ്യാസ ജില്ലാ തലം- C ഗ്രേഡ് | 2 |
| | സ്കൂൾ തലം- A ഗ്രേഡ് | 3 |
| | സ്കൂൾ തലം- B ഗ്രേഡ് | 2 |
| | സ്കൂൾ തലം- C ഗ്രേഡ് | 1 |
| 3 | മാതാപിതാക്കളിൽ ആരെങ്കിലും മരണപ്പെട്ടു പോയ വിദ്യാർഥികൾ | 5 |
| 4 | പെൺകുട്ടികൾ മാത്രമുള്ള കുടുംബത്തിലെ അംഗമായ അപേക്ഷക | 4 |
| 5 | ഭിന്നശേഷിക്കാരായ വിദ്യാർഥികൾ | 5 |
| 6 | ഭിന്നശേഷിക്കാരുടെ മക്കളായ വിദ്യാർഥികൾ | 5 |
| | | |

| | | |
|---|---|---|
| 7 | മൂന്നോ അതിലധികമോ വിദ്യാർഥികൾ ഉള്ള കുടുംബത്തിൽ നിന്നുള്ള അപേക്ഷകർ | 1 |
| | ആകെ മാർക്ക് | 40 |

**D.ടാലന്റ് സെർച്ച് പരീക്ഷ**

ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ് പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട എല്ലാ ചുമതലകളും പട്ടികവർഗ ഡയറക്ടറിൽ നിക്ഷിപ്തമാണ്. ഇതിനാവശ്യമായ എല്ലാ ഭൗതിക സൗകര്യങ്ങളും പട്ടികജാതി ഡയറക്ടർ നൽകേണ്ടതാണ്. ടാലന്റ് സെർച്ച് പരീക്ഷയ്ക്ക് സയൻസ്, ഗണിതം, സാമൂഹ്യ ശാസ്ത്രം, ഇംഗ്ളീഷ് ആനുകാലിക സംഭവങ്ങൾ എന്നിവ ഉൾപ്പെടുത്തി 60 മാർക്കിന് ഒബ്ജക്ടീവ് പരീക്ഷ നടത്തേണ്ടതാണ്.

**E. ഗുണഭോക്താക്കളുടെ എണ്ണം/ തെരഞ്ഞെടുപ്പു രീതി**

1) യു. പി വിഭാഗത്തിൽ 3250പട്ടികജാതി വിദ്യാർഥികൾക്കും ,750 പട്ടികവർഗ വിദ്യാർഥികൾക്കും ഹൈസ്കൂൾ വിഭാഗത്തിൽ 3250 പട്ടികജാതി വിദ്യാർഥികൾക്കും , 750 പട്ടികവർഗ വിദ്യാർഥികൾക്കും ഉൾപ്പടെ ആകെ 6500 പട്ടികജാതി വിദ്യാർഥികൾക്കും, 1500 പട്ടികവർഗ വിദ്യാർഥികൾക്കും ആണ് ഒരു വർഷം സ്കോളർഷിപ്പ് ലഭിക്കുന്നത്. ജില്ലയിലെ പട്ടികജാതി ജനസംഖ്യക്ക് ആനുപാതികമായി ടാർഗറ്റ് നിശ്ചയിക്കുന്നതാണ്.

2) ഓരോ വർഷവും (1) ൽ നിശ്ചയിച്ചിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം കുറയുന്നതനുസരിച്ച് യു. പി വിഭാഗത്തിലേക്കും, ഹൈസ്കൂൾ വിഭാഗത്തിലേക്കും മുൻഗണന മാനദണ്ഡങ്ങൾ പ്രകാരവും, ടാലന്റ് സെർച്ച് പരീക്ഷയുടെയും അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടതാണ്.

3) ഓരോ വിഭാഗത്തിലും 45% ആൺകുട്ടികളെയും 45% പെൺകുട്ടികളെയും തെരഞ്ഞെടുക്കും. ശേഷിക്കുന്ന 10% പട്ടികജാതി വിഭാഗത്തിലെ ദുർബല സമുദായത്തിൽപ്പെട്ട/ പട്ടികവർഗ വിഭാഗത്തിലെ പി.വി.റ്റി.ജി വിദ്യാർഥികൾക്കും സംവരണം ചെയ്തിരിക്കുന്നു. മെറിറ്റ് അടിസ്ഥാനത്തിൽ 90% ടാർഗറ്റിൽ ഉൾപ്പെട്ടു വരുന്ന ദുർബല/പി.വി.റ്റി.ജി വിദ്യാർഥികളെ പൊതു വിഭാഗത്തിൽ പരിഗണിക്കുന്നതും തുടർന്നുള്ള മുൻഗണനാ പട്ടികയിൽ നിന്നും 10% ദുർബല /പി.വി.റ്റി.ജി വിദ്യാർഥികളെ സംവരണ ക്വാട്ടയിലേക്ക് തെരഞ്ഞെടുക്കുന്നതുമാണ്.

4) സംവരണ ക്വാട്ടയിൽ ദുർബല/ പി.വി.റ്റി.ജി വിദ്യാർഥികൾ മതിയായ എണ്ണം അപേക്ഷകർ ഇല്ലാത്ത പക്ഷം ശേഷിക്കുന്ന എണ്ണം അനുപാതം പാലിച്ച് മറ്റു വിദ്യാർഥികൾക്ക് സെലക്ഷൻ നൽകുന്നതാണ്.

5) ജില്ലാ തലത്തിൽ ക്ലാസ്/ ജെൻഡർ തിരിച്ച് മുൻഗണനാ പട്ടിക തയാറാക്കുന്നതും അതിൽ നിന്നും ടാർഗറ്റ് അനുസരിച്ച് പോയിന്റ് നിലയുടെ അടിസ്ഥാനത്തിൽ സെലക്ഷൻ നടത്തുന്നതുമാണ്. ഒരേ പോയിന്റ് ലഭിക്കുന്നവരുടെ എണ്ണം നിശ്ചിത ടാർഗറ്റിലും അധികരിച്ചു വന്നാൽ അതിനു തൊട്ടു മുകളിലെ പോയിന്റ് വരെയുള്ളവരെ സെലക്ട് ചെയ്യുകയും കുറവു വന്ന എണ്ണം അതേ ജില്ലയിലെ /

ഇതര ജില്ലയിലെ മറ്റു ക്ലാസ്/ ജെൻഡർ ലേക്ക് മാറ്റി നൽകി ടാർഗറ്റ് പൂർത്തീകരിക്കുന്നതുമാണ്. ഏതെങ്കിലും ജില്ലയിൽ ടാർഗറ്റിനനുസൃതമായി നിശ്ചിത എണ്ണം അപേക്ഷകരില്ലാത്ത പക്ഷം പ്രസ്തുത എണ്ണം മറ്റു ജില്ലകളിലേക്ക് മാറ്റി നൽകി ക്രമീകരിക്കുന്നതാണ്.

6) ജൂൺ മാസത്തിൽ നിർദിഷ്ട മാതൃകയിലുള്ള അപേക്ഷ, ജാതി സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് ,വാർഷിക പരീക്ഷയിൽ നേടിയ ഗ്രേഡ് സംബന്ധിച്ച് ഹെഡ്മാസ്റ്ററുടെ സർട്ടിഫിക്കറ്റ്, മറ്റ് പരിഗണനാർഹമായ രേഖകൾ സഹിതം വിദ്യാർഥി പഠിക്കുന്ന സ്കൂൾ മുഖേന ഇ-ഗ്രാന്റ്സ് പോർട്ടൽ വഴി അപേക്ഷിക്കണം. പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും സെലക്ഷൻ നടപടികൾ പൂർത്തീകരിക്കുന്നതാണ്.

**F. സ്കീം പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ**

**1. യു. പി വിഭാഗം**

(ക്ലാസ്- 5 മുതൽ 7 വരെ)

പ്രതിവർഷം രൂ.5000/-

| | | |
|---|---|---|
| 1 | സ്റ്റൈപ്പന്റ് | 1000 |
| 2 | സ്പെഷ്യൽ ട്യൂഷൻ<br>(വിദ്യാർഥികൾക്ക് ആവശ്യമുള്ള 3 വിഷയങ്ങൾക്ക്) | 3500 |
| 3 | പാഠ്യ/ പാഠ്യേതരമായ വൈജ്ഞാനിക / സാഹിത്യ പുസ്തകങ്ങൾ ആനുകാലികങ്ങൾ വാങ്ങുന്നതിന് | 500 |
| | ആകെ | 5000 |

**2. ഹൈസ്കൂൾ വിഭാഗം**

(ക്ലാസ്- 8 മുതൽ 10 വരെ)

പ്രതിവർഷം രൂ. 5500/-

| | | |
|---|---|---|
| 1. | സ്റ്റൈപ്പന്റ് | 1000 |
| 2. | സ്പെഷ്യൽ ട്യൂഷൻ<br>( വിദ്യാർഥികൾക്ക് ആവശ്യമുള്ള 3 വിഷയങ്ങൾക്ക് ) | 4000 |
| 3. | പാഠ്യ/ പാഠ്യേതരമായ വൈജ്ഞാനിക / സാഹിത്യ പുസ്തകങ്ങൾ / ആനുകാലികങ്ങൾ വാങ്ങുന്നതിന് | 500 |
| | ആകെ | 5500 |

ഓരോ വർഷത്തേയും സ്കോളർഷിപ്പ് തുക അതാത് അധ്യയന വർഷം ഒറ്റ തവണയായി അനുവദിച്ചു നൽകുന്നതാണ്. ട്യൂഷൻ എടുത്തതായി ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള ബില്ല്/ വ്യക്തിയിൽ നിന്നുള്ള രസീത് എന്നിവ ബന്ധപ്പെട്ട SCDO/TEO റിന്യൂവൽ സമയത്ത് വാങ്ങി സൂക്ഷിക്കേണ്ടതാണ്. സ്കീമിലെ അവസാന വർഷത്തെ ട്യൂഷൻ ബില്ല്/രസീത് എന്നിവ വാങ്ങേണ്ടതില്ല.

**G. <u>അധിക ആനുകൂല്യങ്ങൾ</u>**

പഠിക്കുന്നതിനാവശ്യമായ മേശ, കസേര എന്നിവക്കായി വകുപ്പ്/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പ്രകാരം ആനുകൂല്യം ലഭിക്കാത്തവരും, ആ വീട്ടിൽ പഠിക്കുന്നതിനാവശ്യമായ മേശ, കസേര എന്നിവ ലഭ്യമല്ലാത്തവരും, വാർഷിക വരുമാനം 30,000 രൂപയിൽ കുറവുള്ളതുമായ പട്ടികജാതി വിദ്യാർഥികൾക്കും/വാർഷിക വരുമാനം 60,000 രൂപയിൽ കുറവുള്ളതുമായ പട്ടികവർഗ വിദ്യാർഥികൾക്കും , മേശയും കസേരയും വാങ്ങുന്നതിനായി സ്കീം ആരംഭിക്കുന്ന കാലയളവിൽ ഒറ്റത്തവണ സഹായമായി രൂപ 3000/- അനുവദിക്കുന്നതാണ്. ബന്ധപ്പെട്ട SCDO/ TEOയുടെ ഭൗതിക പരിശോധനക്കു വിധേയമായി പഠന സൗകര്യമില്ല എന്നു ബോധ്യപ്പെട്ടതിനു ശേഷം ഈ തുക അനുവദിക്കാൻ പാടുള്ളൂ. മേശ, കസേര എന്നിവ വാങ്ങുന്നതിനായി മുൻകൂർ അനുവദിക്കുന്ന തുക ബന്ധപ്പെട്ട SCDO/ TEO ക്ക് കൂടി ബോധ്യമാകുന്ന വിധം വിദ്യാർഥിയുടെ രക്ഷകർത്താവ് ചെലവഴിക്കേണ്ടതാണ്. ഇതിന്റെ ബില്ലുകൾ അധ്യയന വർഷത്തിന്റെ രണ്ടാം ഗഡു തുക നൽകുന്നതിനു മുമ്പ് SCDO/ TEO വാങ്ങി സൂക്ഷിക്കേണ്ടതാണ്. വകുപ്പ്/തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രകാരം മേശയും കസേരയും ഗുണഭോക്താവായ വിദ്യാർഥിക്ക് ലഭിച്ചിട്ടുണ്ടെങ്കിൽ തുക അനുവദിക്കുന്നതല്ല. എന്നാൽ വീട്ടിലെ മറ്റു വിദ്യാർഥികളുടെ പേരിലാണ് ഇതേ ആനുകൂല്യം ലഭിച്ചിട്ടുള്ളതെങ്കിൽ ഗുണഭോക്താവായ വിദ്യാർഥിക്ക് വേണ്ടി പദ്ധതി പ്രകാരം തുക അനുവദിക്കുന്നതാണ്.

**H. <u>മാർഗ നിർദേശങ്ങൾ</u>**

(1) സ്കീം പ്രകാരം തെരഞ്ഞെടുക്കുന്ന വിദ്യാർഥികളെയും രക്ഷകർത്താക്കളെയും ചേർത്ത് ജില്ലാ തലത്തിൽ സംഗമം സംഘടിപ്പിക്കേണ്ടതാണ്. ഇതിന്റെ നടത്തിപ്പു ചുമതല അതാത് ജില്ലാ പട്ടികജാതി/പട്ടികവർഗ ഓഫീസർമാർക്ക് ആയിരിക്കും. പദ്ധതികളുടെ ലക്ഷ്യവും മറ്റു നിബന്ധനകളും വിദ്യാർഥികളെയും രക്ഷകർത്താക്കളെയും ബോദ്ധ്യപ്പെടുത്തേണ്ടതാണ്. വിദ്യാർഥികൾക്ക് പഠനപ്രവർത്തനങ്ങളിൽ കൂടുതൽ താൽപര്യം ജനിപ്പിക്കുന്നതിനും ഭാവിയെക്കുറിച്ച് കൃത്യമായ ദിശാബോധം നൽകുന്നതിനും ഉതകുന്ന രീതിയിൽ ഉചിതമായ വ്യക്തിത്വങ്ങളെ പങ്കെടുപ്പിച്ച് ഇന്ററാക്ടീവ് സെഷനുകളും ഉൾപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള സംഗമങ്ങളിൽ ബന്ധപ്പെട്ട SCDO/ TEO മാർ, SC/ST പ്രൊമോട്ടർമാർ എന്നിവർ പങ്കെടുക്കേണ്ടതാണ്.

(2) സ്കീം പ്രകാരം തെരഞ്ഞെടുക്കുന്ന വിദ്യാർഥികളെയും രക്ഷകർത്താക്കളെയും അധ്യയന വർഷത്തിന്റെ ഓരോ ടേമിലും പ്രൊമോട്ടർമാർ മുഖേനയോ നേരിട്ടോ SCDO/TEOമാർ ബന്ധപ്പെടേണ്ടതും പഠന പുരോഗതി ശേഖരിച്ച് വിലയിരുത്തേണ്ടതും ആവശ്യമായ മാർഗ നിർദേശങ്ങൾ നൽകേണ്ടതുമാണ്. വിദ്യാർഥികൾ പഠിക്കുന്ന സ്ഥാപനങ്ങളിലെ പ്രഥമാധ്യാപകരുടെ സാന്നിധ്യത്തിൽ വർഷത്തിൽ ഒരു തവണ വിദ്യാർഥികളെയും രക്ഷകർത്താക്കളെയും വിളിച്ചു ചേർത്ത് അവലോകന യോഗം SCDO /TEO തലത്തിൽ ചേരേണ്ടതും പഠന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

(3) വിദ്യാർഥികൾക്കുള്ള യാത്രാ ചെലവ്, ഭക്ഷണം, പ്രത്യേക ക്ഷണിതാക്കൾക്കുള്ള

ഓണറേറിയം, പരീക്ഷാ നടത്തിപ്പിനായുള്ള ചെലവുകൾ , മറ്റു സംഘാടന ചെലവുകൾ എന്നിവ ഉൾപ്പെടെ സംഗമങ്ങൾ/ അവലോകന യോഗങ്ങൾ നടത്തുന്നതിന് ആവശ്യമായ തുക ആവശ്യാനുസരണം പട്ടികജാതി/പട്ടികവർഗ വികസന വകുപ്പ് ഡയറക്ടർ അനുവദിക്കുന്നതാണ്.

സ്കോളർഷിപ്പ് **2024-25** വർഷം തന്നെ **e-grantz3.0** പോർട്ടൽ മുഖേന ഓൺലൈൻ സംവിധാനത്തിലേക്കു മാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡവലപ്മെന്റ് സ്കോളർഷിപ്പ് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മറ്റുള്ള എല്ലാ ഉത്തരവുകളും റദ്ദാക്കിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(G&SSA)**, കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ **(E&RSA)**, കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
പട്ടികജാതി പട്ടികവർഗ്ഗ വികസന (പി.എം) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Asha Madhu
Date: 03-06-2024 10:46:11

സെക്ഷൻ ഓഫീസർ